## പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4344 — 13/12/2018 ൽ മറുപടിക്ക്

**നിലയ്ക്കൽ, പമ്പ, എരുമേലി എന്നിവിടങ്ങളിലെ അന്നദാനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി. അനിൽ കുമാർ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | നിലയ്ക്കൽ, പമ്പ, എരുമേലി എന്നിവിടങ്ങളിലെ അന്നദാനം നടത്തുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആർ.എസ്.എസ് സംഘടനയായ അയ്യപ്പ സേവാ സമാജത്തെ ചുമതലപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | എരുമേലി ദേവസ്വത്തിൽ മുൻ വർഷങ്ങളിലേതുപോലെ അയ്യപ്പ സേവാ സമാജത്തിന് ബോർഡ് ഉത്തരവ് പ്രകാരം അന്നദാനത്തിന് അനുമതി നൽകിയിട്ടുള്ളതാണ്.<br>നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് തന്നെയാണ് അന്നദാനം നടത്തുന്നത്. അന്നദാനത്തിന് ആവശ്യമായ സാധന സാമഗ്രികൾ, ശ്രമദാനം എന്നിവ സംഭാവന ഇനത്തിൽ വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ സ്വീകരിച്ച് അന്നദാനത്തിൽ പങ്കാളിയാക്കുക മാത്രമാണ് ചെയ്യുന്നത് എന്നും ഏതെങ്കിലും വ്യക്തികളുടെയോ, സംഘടനകളുടെയോ മേൽ വിലാസത്തിൽ അന്നദാനം നടത്തുന്നതിന് അനുവാദം നൽകിട്ടില്ല എന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായ സാഹചര്യമാണോ പ്രസ്തുത സംഘപരിവാർ സംഘടനയെ അന്നദാനം ഏൽപിക്കാൻ കാരണമായത് എന്ന് വെളിപ്പെടുത്താമോ; | (ബി) | അല്ല. അന്നദാനം നടത്തുന്നതിന് വ്യക്തികളുടെയോ, സംഘടനകളുടെയോ സഹായം മുൻ കാലങ്ങളിലേതു പോലെ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ദേവസ്വം ബോർഡിന്റെ ഈ തീരുമാനത്തിന് ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | അന്നദാനത്തിന് സാധന സാമഗ്രികൾ സ്വീകരിക്കുന്നതിനും ശ്രമദാനം സ്വീകരിക്കുന്നതിനും ദേവസം ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷണർ അനുമതിനല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ